(ഇ) മോഷണം, പിടിച്ചുപറി മുതലായ പ്രോപ്പർട്ടി സംബന്ധമായ കേസുകൾക്ക് മതിയായ പരിഗണന ലഭിക്കുന്നതിന് പരീക്ഷണാർത്ഥം തിരുവനന്തപുരം സിറ്റിയിലെ എല്ലാ പോലീസ് സ്റ്റേഷനുകളിലും കുറ്റാന്വേഷണവും ക്രമസമാധാനവും രണ്ട് വിഭാഗമാക്കിയിട്ടുണ്ട്.

(എഫ്) സിലബസ് പരിഷ്ക്കരിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

(ജി) പ്രോസിക്യൂഷൻ നടപടികളിൽ പ്രോസിക്യൂട്ടറെ വേണ്ടവിധത്തിൽ സഹായിക്കുവാനുള്ള നിർദ്ദേശം പോലീസ് വകുപ്പിലെ ബന്ധപ്പെട്ടവർക്ക് നൽകിയിട്ടുണ്ട്. സമർത്ഥരായ പ്രോസിക്യൂട്ടർമാരെ നിയമിക്കുന്നതിന് നിലവിലുള്ള നിയമന വ്യവസ്ഥകളിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തുന്നതും അവരുടെ പ്രവർത്തനം വേണ്ടവിധത്തിൽ വിലയിരുത്തുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുന്നതും പരിഗണിക്കുന്നതാണ്.

ലക്ഷം വീട് പദ്ധതി പ്രകാരം നൽകിയ വീടുകൾ

16 (*539) ശ്രീ. വി. ജെ. പൗലോസ് :
പ്രൊഫ. സാവിത്രി ലക്ഷ്മണൻ :
പ്രൊഫ. എ. ഡി. മുസ്തഫ :
ശ്രീ. ഡി. സുഗതൻ :
ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ലക്ഷം വീട് പദ്ധതി പ്രകാരം നൽകിയതും കാലപ്പഴക്കം കൊണ്ട് നാശോന്മുഖമായി കിടക്കുന്നതുമായ വീടുകൾ പുതുക്കി പണിതു കൊടുക്കുന്നതിന് എന്തെങ്കിലും പദ്ധതി നിലവിലുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശം നൽകുമോ ?

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. ചെർക്കളം അബ്ദുള്ള) :

(എ&ബി) ഉണ്ട്. ലക്ഷം വീടുകൾ പുനരുദ്ധരിക്കുന്നതിനോ അറ്റകുറ്റ പണി ചെയ്യുന്നതിനോ പ്രോജക്ടുകൾ ഏറ്റെടുക്കുവാൻ ഗ്രാമപഞ്ചായത്തുകൾക്കും, മുൻസിപ്പാലിറ്റികൾക്കും കോർപ്പറേഷനുകൾക്കും അനുവാദം നൽകിയിട്ടുണ്ട്. അതുപ്രകാരം പുനരുദ്ധാരണ പ്രവൃത്തികൾക്കും അറ്റകുറ്റപ്പണിക്കും, പൊതുവിഭാഗം ഗുണഭോക്താക്കൾക്ക് 5,000 രൂപ വരെയും, പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് 10,000 രൂപ വരെയും, പരമാവധി സബ്സിഡി അനുവദിക്കാവുന്നതാണ്. വീടുകളുടെ മേൽക്കൂര മാറ്റുന്നതുൾപ്പെടെയുള്ള ഗുണമേന്മാ പ്രവൃത്തികൾക്ക് എല്ലാ വിഭാഗത്തിനും 7,500 രൂപ വരെയും സബ്സിഡി നൽകാവുന്നതാണ്. നിലവിലുള്ള ലക്ഷം വീട് പുതുക്കി പണിയാൻ സാധിക്കാത്തതാണെങ്കിൽ അർഹരായ കുടുംബങ്ങൾക്ക് പുതിയ വീട് നൽകുന്നതിനും അനുവാദം നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly